കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചിറ്റൂർ-തത്തമംഗലം മാസ്റ്റർപ്ലാൻ - 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

**സ.ഉ.(കൈ)നം. 79/2021/തസ്വഭവ** തിരുവനന്തപുരം, തീയതി, 26/02/2021

പരാമർശം:-

1. 17/05/2012 ലെ സ.ഉ.(സാധാ) 1376/2012/ തസ്വഭവ നമ്പർ ഉത്തരവ്
2. ചിറ്റൂർ-തത്തമംഗലം നഗരസഭാ കൗൺസിലിന്റെ 20/12/2012 - ലെ 24-ാം നമ്പർ യോഗതീരുമാനം
3. ചിറ്റൂർ-തത്തമംഗലം നഗരസഭാ കൗൺസിലിന്റെ 30/12/2019 - ലെ 6-ാം നമ്പർ യോഗതീരുമാനം
4. മുഖ്യനഗരാസൂത്രകന്റെ 24/05/2019, 19/02/2020 തീയതികളിലെ എഫ്2(ഇ 2)/18318/12 നമ്പർ കത്ത്.
5. ചിറ്റൂർ-തത്തമംഗലം നഗരസഭ സെക്രട്ടറിയുടെ 28/11/2020 തീയതിയിലെ ഇ 2-8554/18 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം ചിറ്റൂർ-തത്തമംഗലം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള ഭരണാനുമതിയും ധനാനുമതിയും നഗരാസൂത്രണവകുപ്പിന് നൽകിയിരുന്നു. 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(2) പ്രകാരം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പരാമർശം (2) പ്രകാരം നഗരസഭ പ്രമേയംവഴി തീരുമാനമെടുത്ത തീയതി മുതൽ രണ്ട് വർഷത്തിനകം പ്ലാൻ തയ്യാറാക്കി ആയത് കൗൺസിലിന്റെ പ്രമേയം സഹിതം സർക്കാരിലേക്ക് സമർപ്പിക്കാൻ നഗരസഭയ്ക്ക് സാധിച്ചില്ല.

2. കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016-ന്റെ വകുപ്പ് 36(2) പ്രകാരം മാസ്റ്റർപ്ലാൻ പ്രസിദ്ധീകരണാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി പാലിക്കാൻ നഗരസഭയ്ക്ക് കഴിയാത്തതിനാൽ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016-ന്റെ വകുപ്പ് 36(1) പ്രകാരം മാസ്റ്റർപ്ലാൻ സ്വീകരിക്കുന്നതിനും വകുപ്പ് 36(2) പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരണാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും പരാമർശം (3) പ്രകാരമുള്ള പുതുക്കിയ കൗൺസിൽ തീരുമാനം സഹിതം മാസ്റ്റർ പ്ലാൻ മുഖ്യ നഗരാസൂത്രകൻ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(2)-ൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിക്കാൻ കഴിയാത്തതിനുള്ള വിശദീകരണം പരാമർശം (5) കത്ത് മുഖേന നഗരസഭ ലഭ്യമാക്കിയിട്ടുണ്ട്.

3. 2016 - ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(3) പ്രകാരം ചിറ്റൂർ-തത്തമംഗലം മാസ്റ്റർപ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകാവുന്നതാണെന്ന് പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരമുള്ള മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിലും പരാമർശം (5) പ്രകാരമുള്ള നഗരസഭ സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിലും 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(3) പ്രകാരം ചിറ്റൂർ-തത്തമംഗലം മാസ്റ്റർപ്ലാനിന് പ്രസിദ്ധീകരണ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

1. സെക്രട്ടറി, ചിറ്റൂർ-തത്തമംഗലം നഗരസഭ
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, പാലക്കാട് (മുഖ്യനഗരാസൂത്രകൻ ) മുഖേന
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ.